**KERALA POLICE INFORMATION CENTRE**

No. 21/PR/PIC/PHQ/09

Date.15.12.09

# ശബരി മലയിലെ പോലീസ് സേനയുടെ സേവനം സംബന്ധിച്ചുള്ള അറിയിപ്പ്.

ശബരിമല തീർത്ഥാടന കാലത്ത് സന്നിധാനത്തിലും പമ്പയിലും പോലീസ് സൗജന്യസേവനത്തിൽ നിന്നും പിൻമാറുന്നുവെന്നും തിരക്ക് നിയന്ത്രണവും സുരക്ഷാ സംവിധാനവും സ്പെഷ്യൽ പോലീസിനെ ഏല്പിക്കാനാണ് നീക്കമെന്നും ഉള്ള വാർത്ത അടിസ്ഥാനരഹിതമാണ്. ഇങ്ങനെയൊരു തീരുമാനമോ നിർദ്ദേശമോ ഇല്ലാത്തതാണ്. സംസ്ഥാന പോലീസ് സേനയിൽ നിലവിൽ 5,500 പേരുടെ ഒഴിവുണ്ട്. അടിയന്തിര സാഹചര്യത്തിലും ഇലക്ഷൻ പോലുള്ള മറ്റ് സന്ദർഭങ്ങളിലും സ്പെഷ്യൽ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിന് കേരള പോലീസ് ആക്ട് അനുസരിച്ച് അധികാരമുണ്ട്. പോലീസ് സേനയുടെ അംഗബലത്തിലെ കുറവ് കൂടി കണക്കിലെടുത്താണ് ശബരിമലയിൽ വർദ്ധിച്ചുവരുന്ന പോലീസിന്റെ ആവശ്യം. സ്പെഷ്യൽ പോലീസ് ഓഫീസർമാരെ കൂടി എടുത്ത് അവരുടെ സേവനംകൂടി ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളത്. ശബരിമലയിൽ നിലവിലുള്ള പോലീസ് സേനയ്ക്ക് പുറമേയാണ് സ്പെഷ്യൽ പോലീസ് ഓഫീസർമാരെക്കൂടി നിയമിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വർഷംതോറും വർദ്ധിച്ചുവരുന്ന ഭക്തജനതിരക്ക് കണക്കിലെടുത്ത് പോലീസ് സേനാംഗ ങ്ങളുടെ എണ്ണവും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ശബരിമലയിൽ കേരള പോലീസ് ചെയ്യുന്നത് ഏറ്റവും മികച്ച ജനസേവനകരമായ പ്രവർത്തനമാണ്. അത് പോലീസിന്റെ കർത്തവ്യത്തിന്റെ ഭാഗമാണ്. സൗജന്യമെന്നോ അല്ലെന്നോ ഉള്ള പരിഗണനകളൊന്നും അക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന് ഇല്ലാത്തതാണ്.